(ബി) 2 എണ്ണം.

(1) വെസ്റ്റ്നട

(2) പെരിഞ്ഞേരി

(സി) 5 എണ്ണം.

(1) ഇടശ്ശേരി

(2) ചെമ്മാപ്പിള്ളി

(3) നായങ്ങാടി

(4) ഖാദർ സെന്റർ

(5) വെള്ളൂർ വെസ്റ്റ്

(ഡി) ആഗസ്റ്റ് മാസത്തോടെ ട്രാൻസ്ഫോർമർ ചാർജ് ചെയ്യാനാവുമെന്ന് കരുതുന്നു. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പണി നടന്നുവരുന്നു.

കെ.എസ്.ഇ.ബി. മേജർ സെക്ഷൻ, സെക്ഷൻ ആഫീസുകൾ

150 (933) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ സംസ്ഥാനത്ത് എത്ര മേജർ സെക്ഷൻ, സെക്ഷൻ ആഫീസുകൾ ഉണ്ട്; ഒരു മേജർ സെക്ഷനിൽ നിലവിലിരിക്കുന്ന മാനദണ്ഡം അനുസരിച്ച് എത്ര ഉപഭോക്താക്കൾ ഉണ്ടാകണം; മേജർ സെക്ഷനുകൾ വിഭജിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ സെക്ഷൻ ആഫീസുകൾ അനുവദിച്ചിട്ടുണ്ട്; ഇതിന്റെ ജില്ലതിരിച്ചുള്ള കണക്കും അനുവദിച്ച വർഷവും നൽകുമോ;

(സി) സംസ്ഥാനത്തെ കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസുകളിൽ വാഹനം ഇല്ലാത്തവ എത്രയെണ്ണം ഉണ്ട്; മേജർ സെക്ഷനുകളിൽ എത്ര സ്ഥലത്ത് വാഹനം ഇല്ല;

(ഡി) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. പുതുതായി സിവിൽ ആഫീസോ സബ് സ്റ്റേഷനുകളോ ആരംഭിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 297 മേജർ സെക്ഷൻ ആഫീസുകളും 214 സെക്ഷനോഫീസുകളും ഉണ്ട്. 7000 മുതൽ 15000 വരെ ഉപഭോക്താക്കൾ ഒരു മേജർ സെക്ഷന്റെ കീഴിൽ വരാവുന്നതാണ്. 15000-ൽ കൂടുതൽ ഉപഭോക്താക്കൾ മേജർ സെക്ഷന്റെ പരിധിയിൽ വരുമ്പോൾ ആ സെക്ഷൻ വിഭജിക്കാവുന്നതാണ്. കൂടാതെ ലൈനുകളുടെ ദൈർഘ്യം, ഭരണപരമായ സൗകര്യം, റവന്യൂ കളക്ഷൻ എന്നീ കാര്യങ്ങളുംകൂടി പരിഗണിച്ചാണ് പുതിയ ഓഫീസുകൾ തുറക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 29 സെക്ഷൻ ആഫീസുകൾ അനുവദിച്ചിട്ടുണ്ട്. ഇവയെ സംബന്ധിച്ച ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:-

തിരുവനന്തപുരം	-	ഇല്ല.	
കൊല്ലം	-	ഇല്ല.	
പത്തനംതിട്ട	-	1	5/98 ൽ.
ആലപ്പുഴ	-	1	,,
കോട്ടയം	-	2	,,
ഇടുക്കി	-	ഇല്ല	
എറണാകുളം	-	3	,,
തൃശ്ശൂർ	-	ഇല്ല.	
പാലക്കാട്	-	5	,,
മലപ്പുറം	-	3	,,
വയനാട്	-	1	,,
കോഴിക്കോട്	-	2	,,
കണ്ണൂർ	-	9	5/98 ലും 11/98 ലും
കാസർഗോഡ്	-	2-5/98 ലും 9/97 ലും	

(സി) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് മേജർ സെക്ഷനിൽ മാത്രമേ വാഹനം അനുവദിച്ചിട്ടുള്ളൂ. മേജർ സെക്ഷന്റെ കീഴിലുള്ള സാറ്റലൈറ്റ് സെക്ഷനുകളിൽ മേജർ സെക്ഷന്റെ വാഹനം ആവശ്യാനുസരണം നൽകി വരുന്നുണ്ട്. വാഹനം ഇല്ലാത്ത 68 മേജർ സെക്ഷനുകളുണ്ട്. വാഹനം ഇല്ലാത്ത മേജർ സെക്ഷനുകളിൽ വാഹനങ്ങൾ വാടകയ്ക്ക് എടുത്തുപയോഗിക്കുന്നതിന് ബോർഡ് ഉത്തരവ് നൽകിയിട്ടുണ്ട്.

(ഡി) ഡിവിഷൻ ആഫീസ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശമൊന്നും തന്നെ തൽക്കാലം ബോർഡിന്റെ പരിഗണനയിലില്ല. എന്നാൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ സബ്സ്റ്റേഷൻ ആരംഭിക്കുന്നുണ്ട്.

മുള്ളേരി, അഴിക്കോട്, ഏഴിമല, പൊന്നാനി, ചേളാരി, പരപ്പനങ്ങാടി, ചെർപ്പുളശ്ശേരി, ഇരിട്ടി, എടക്കര, പുന്നയൂർക്കുളം, പുല്ലഴി, കൊല്ലങ്കോട്, അയർക്കുന്നം, മുനമ്പം, ചെറായി, ഈരാറ്റുപേട്ട, എടത്വാ, കണ്ടനാട്, മെല്ലാനം, കുറിവിലങ്ങാട്, തെന്മല, കാവാലം, തോട്ടയ്ക്കാട്ടുകര, അഞ്ചൽ, കടയ്ക്കൽ, പത്തനാപുരം, കടയ്ക്കാവൂർ, പൂവാർ, ബാലരാമപുരം, കല്ലമ്പലം, പന്തളം, കടപ്ര, കോന്നി, കുമ്പനാട്, റാന്നി-പെരിനാട്, കറ്റാനം, മാന്നാർ, തകഴി, കുത്തിയതോട്, മുളവുകാട്, മുണ്ടൂർ, ചാവയ്ക്കാട്, കൊങ്ങന്നൂർ, പട്ടിക്കാട്, പുത്തൂർ, പാലയ്ക്കൽ, അയ്യന്തോൾ, പരപ്പൂർ, എരുമപ്പെട്ടി, വാടാനപ്പള്ളി, മുല്ലശ്ശേരി, വെള്ളങ്കല്ലൂർ, പരപ്പുക്കര, ചിറയ്ക്കൽ, പരിയാരം, വെള്ളിക്കുളങ്ങര, കല്ലേറ്റുംകര, കൊരട്ടി, കൊടകര, കയ്പ്പമംഗലം, അഞ്ചങ്ങാടി, അന്തിക്കാട്, മേത്തല, പട്ടാമ്പി, ചാലിശ്ശേരി, തൃത്താല, അലനല്ലൂർ, അഗളി, കൊങ്ങാട്, ശ്രീകൃഷ്ണപുരം, വടക്കാഞ്ചേരി, നെല്ലിയാംപതി, കഞ്ഞിക്കുഴി, കിടങ്ങറ, എരുമേലി, വടക്കേക്കര, വരാപ്പുഴ, മുതലമട, കൊടുവായൂർ, ആലത്തൂർ, പരപ്പനങ്ങാടി, ചക്കിട്ടപ്പാറ, കൽപ്പറ്റ, പുൽപ്പള്ളി, മീനങ്ങാടി, പടിഞ്ഞാറേത്തറ, പയ്യന്നൂർ ടൗൺ, പരിയാരം, നാടുകാണി, ആലക്കോട്,

LIBRARY ARCHIVES Kerala Legislative Assembly

ചെറുവത്തൂർ, ബേലൂർ, നീലേശ്വരം, വെസ്റ്റേളേരി, തൃക്കരിപ്പൂർ, അനന്തപുരം, കാസർഗോഡ്, ടൗൺ, ബദിയടുക്ക, പെർള, കുറുവശ്ശേരി, പുത്തൻവേലിക്കര, ആലങ്ങാടി, കാലടി, കൂവപ്പടി, കറുപ്പുംപടി, വെങ്ങോല, ചെറായി, ഇടപ്പള്ളി, ചെല്ലാനം.

66 കെ.വി., 110 കെ.വി. സബ്സ്റ്റേഷനുകളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

1. കൊട്ടാരക്കര
2. പുനലൂർ
3. കോഴഞ്ചേരി
4. മാവേലിക്കര
5. ആറ്റിങ്ങൽ
6. തിരുമല
7. പത്തനംതിട്ട
8. വർക്കല
9. തൈക്കാട്ടുശ്ശേരി
10. നോർത്ത് പറവൂർ
11. എടയാർ
12. ഗുരുവായൂർ
13. കുന്നംകുളം
14. കല്ലാർ
15. കഞ്ചിക്കോട്
16. കുട്ടനാട്
17. എടപ്പാൾ
18. തിരൂർ
19. എടരിക്കോട്
20. മട്ടാഞ്ചേരി
21. പാറശ്ശാല
22. ശാസ്താംകോട്ട
23. കണ്ടശ്ശാംകടവ്

110 കെ.വി. സെബ്സ്റ്റേഷനുകൾ 220 കെ.വി. ആക്കുന്നത്:-

1. കുണ്ടറ
2. എടപ്പാൾ
3. മലപ്പുറം

LIBRARY ARCHIVES Kerala Legislative Assembly